**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 121** **02-02-2024 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീമതി ഒ എസ് അംബിക | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര ധനസഹായം ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ മുന്നോട്ട് വച്ച വ്യവസ്ഥകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; അതിനോടുള്ള സംസ്ഥാന സർക്കാരിന്റെ പ്രതികരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | 60% കേന്ദ്ര വിഹിതവും 40% കേരള സർക്കാർ വിഹിതവുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ)-ന്റെ ഒന്നാം ഘട്ടം 2013 ലും രണ്ടാം ഘട്ടം 2018ലുമാണ് കേന്ദ്ര സർക്കാർ ആരംഭിച്ചത്. ഇതിന്റെ അടുത്ത ഘട്ടം 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ വെളിച്ചത്തിൽ പ്രധാൻമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ (പി.എം.-ഉഷ) എന്ന് പുനർനാമകരണം ചെയ്തതായും, പദ്ധതി 2026 മാർച്ച് 31 വരെ ദീർഘിപ്പിച്ചതായും കേന്ദ്ര സർക്കാർ 24.06.2023 ലെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്. പി.എം.-ഉഷ നടപ്പിലാക്കുന്നതിനായി പ്രധാനമായും താഴെ പറയുന്ന 3 വ്യവസ്ഥകളാണ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം മുന്നോട്ട് വച്ചിരിക്കുന്നത് :-<br><br>1. സംസ്ഥാനത്തിലെ 50% ജില്ലകളെ ഫോക്കസ് ജില്ലകളായി പ്രഖ്യാപിക്കുക.<br>2. കേന്ദ്ര സർക്കാർ ലഭ്യമാക്കിയ മാർഗ്ഗരേഖ പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിക്കുക.<br>3. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിലുള്ള ധാരണാപത്രം ഒപ്പിടുക.<br><br>എന്നിവയാണ് അവ.<br><br>ഈ പുതിയ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം സംസ്ഥാന സർക്കാർ ഒപ്പ് വച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് അയച്ച് കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളോടും സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളോടും മാർഗ്ഗരേഖ പ്രകാരമുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്. അപേക്ഷകൾ Challenge level portal-ൽ upload ചെയ്യേണ്ടതുണ്ട്. ഇതിന് മുന്നോടിയായുള്ള template ലഭ്യമായത് സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും Challenge level portal ലിങ്ക് കേരളത്തിന് ലഭ്യമാകുമ്പോൾ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് ഈ ലിങ്ക് ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്തെ വയനാട്, എറണാകുളം, പാലക്കാട്, തൃശ്ശൂർ, തിരുവനന്തപുരം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളെ ഫോക്കസ് ജില്ലകളായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം എത്രയെന്നും ആയതിൽ നാളിതുവരെ ലഭിച്ച തുക എത്രയെന്നും വെളിപ്പെടുത്താമോ; | (ബി) | റൂസ ഒന്നാം ഘട്ടത്തിൽ കേന്ദ്ര വിഹിതമായി 121.97 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 113.42 കോടി രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്.<br><br>റൂസ രണ്ടാം ഘട്ടത്തിൽ കേന്ദ്ര വിഹിതമായി 219.6 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 146.55 കോടി രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്. |
| (സി) | ദേശീയ വിദ്യാഭ്യാസ നയം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെയും പുതുതായി ആരംഭിക്കുന്ന നാലുവർഷ ബിരുദ കോഴ്സുകളെയും ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ദേശീയ വിദ്യാഭ്യാസ നയം സംസ്ഥാനത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയെ പൊതുവായും നാലു വർഷ ബിരുദ പ്രോഗ്രാമിനെ പ്രത്യേകിച്ചും ഏതു തരത്തിൽ ബാധിക്കുമെന്ന് വിശദമായി പരിശോധിച്ചിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയം കേന്ദ്ര സർക്കാർ പുറത്തിറക്കിയ സമയം തന്നെ പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായുള്ള വിദഗ്ധ സമിതിയുടെ സഹായത്തോടെ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുകയുണ്ടായി. തുടർന്ന് ഉന്നതവിദ്യാഭ്യാസ പരിഷ്കരണങ്ങൾ കേരളത്തിൽ എങ്ങനെ നടപ്പാക്കപ്പെടണം എന്ന് നിർദ്ദേശിക്കാൻ സർക്കാർ മൂന്ന് കമ്മീഷനുകളെ നിയോഗിച്ചു. ഡോ. ശ്യാം ബി. മേനോൻ ചെയർമാനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശപ്രകാരമാണ് കേരളം നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കാൻ തീരുമാനിച്ചത്. ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവെക്കുന്ന പ്രതിലോമകരവും കേരളത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതുമായ മുഴുവൻ നിർദ്ദേശങ്ങളും ഒഴിവാക്കിയാണ് കേരളത്തിന്റെ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ രൂപകല്പന ചെയ്തത്. ഇതിനായി സംസ്ഥാന സർക്കാർ പ്രൊഫ. സുരേഷ് ദാസ് ചെയർമാനായ കരിക്കുലം കമ്മിറ്റിയും രൂപീകരിച്ചു.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ വിദ്യാഭ്യാസ നയത്തിൽ നിർദ്ദേശിച്ച multiple exit സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | ഒഴിവാക്കി മൂന്ന്, നാല് വർഷങ്ങളുടെ അവസാനം മാത്രം exit എന്ന തീരുമാനം കൈക്കൊണ്ടു.<br><br>NEP മുന്നോട്ടുവയ്ക്കുന്ന, വ്യവസായത്തിനാവശ്യമായ 'Skilled Labour' നെ സൃഷ്ടിക്കുന്ന സമീപനത്തിൽ നിന്നും വ്യത്യസ്തമായി ജ്ഞാനോത്പാദനത്തിനും നൈപുണിക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന കരിക്കുലം ആണ് സംസ്ഥാനത്ത് തയ്യാറാക്കുന്നത്. അഫിലിയേറ്റിംഗ് സംവിധാനം പൂർണ്ണമായും ഇല്ലാതാക്കുന്ന നയമാണ് ഇപ്പോൾ NEPയുടെ ഭാഗമായി കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഗ്രാമീണമേഖലയിലും വിദ്യാഭ്യാസപരമായി ദൗർബല്യം നേരിടുന്ന സ്ഥലങ്ങളിലും ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണഫലം എത്തിക്കുന്ന അഫിലിയേറ്റഡ് കോളേജുകളെ നിലനിർത്തിക്കൊണ്ടു പോകുന്നതിനുള്ള നയം രൂപീകരിക്കുന്നതിനാണ് കേരളം ശ്രമിക്കുന്നത്.<br><br>Indian Knowledge System എന്ന പേരിൽ യു.ജി.സി. നിർദ്ദേശിച്ച കോഴ്സുകൾക്ക് പകരമായി, കേരളം പൊതുവായി മുന്നോട്ടുവെക്കുന്ന മതനിരപേക്ഷ-ജനാധിപത്യ മൂല്യങ്ങൾക്കനുസൃതമായ കോഴ്സുകൾ പഠിപ്പിക്കുന്നതിന് തീരുമാനിച്ചു. ഭാഷാപഠനത്തെ പരിമിതപ്പെടുത്തുന്ന സമീപനമാണ് ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടു വെക്കുന്നത്. എന്നാൽ വിവിധ ഭാഷകൾ പഠിപ്പിക്കുന്നതിനും ഭാഷാപഠനത്തെ വൈവിദ്ധ്യവത്കരിക്കാനുമാണ് കേരളം തീരുമാനിച്ചിരിക്കുന്നത്.<br><br>കോളേജുകളെ കേവലം സ്വയംഭരണ കോളേജുകളാക്കി മാറ്റുക എന്ന ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശത്തിനുപകരം അദ്ധ്യാപകർക്കും പഠന വകുപ്പുകൾക്കും സ്വയംഭരണം എന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. |
| (ഡി) | ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ന്യായമായും ലഭിക്കേണ്ട കേന്ദ്ര ധനസഹായം കൃത്യസമയത്ത് നൽകുന്നതിൽ വീഴ്ച വരുത്തുന്ന കേന്ദ്രസർക്കാർ നടപടികൾ തിരുത്തുന്നതിനായി സംസ്ഥാനം എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നത്; വ്യക്തമാക്കാമോ? | (ഡി) | ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക നൽകാനാവശ്യമായ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനായി 05.03.2022 ൽ ഇത് സംബന്ധിച്ച പ്രൊപ്പോസലും 21.03.2022 തീയതിയിൽ revised പ്രൊപ്പോസലും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ മന്ത്രിതലത്തിലും സെക്രട്ടറി തലത്തിലും നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ മറുപടി ഇതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ